4.	ഇങ്ക്ജെറ്റ് പ്രിന്റർ	ഇലക്ട്രോണിക്സ് ട്രേഡ്ലിങ്ക്	9,250/-
5.	ഡോട്ട് മാട്രിക് പ്രിന്റർ	മൈക്രോ കോംപ്	15,347-
6.	എയർ കണ്ടിഷനർ ആന്റ് സ്റ്റെബിലൈസർ	ടെക്നോക്രാറ്റ്സ്	32,283/-

54 (1805) സ്മൈഡ് പ്രോജക്ടിനുവേണ്ടിയുള്ള സി-ഡിറ്റ് ഡിവിഷനുകൾ

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. പി.ജെ. ജോയി :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് തയ്യാറാക്കിയ പ്രോജക്ടിനുവേണ്ടി ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) സ്മൈഡ് പ്രോജക്ടിനുവേണ്ടി സി-ഡിറ്റിലെ എത്ര ഡിവിഷനുകൾ പ്രവർത്തിക്കുന്നു;

(സി) ഈ ഡിവിഷനുകളിൽ പ്രവർത്തിക്കുന്നവരുടെ പേരുവിവരവും വിദ്യാഭ്യാസ യോഗ്യതയും ഇവർ ഏതു വിഷയത്തിൽ ഡിഗ്രി എടുത്തവരാണെന്നും അറിയിക്കുമോ;

(ഡി) ഇവരുടെ ജോലിയുടെ മേൽനോട്ടം വഹിക്കുകയും ജോലി കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്യുന്നവർ ആരെല്ലാമാണ്;

(ഇ) അവരുടെ വിദ്യാഭ്യാസയോഗ്യത, ഏതു വിഷയത്തിൽ അവർ ഡിഗ്രിയോ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിയോ എടുത്തുവെന്നും അവർക്ക് ഇക്കാര്യത്തിലുള്ള പരിചയം എന്തെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 450 ലക്ഷം രൂപ. (നാനൂറ്റി അമ്പത് ലക്ഷം രൂപ)

(ബി) മൂന്ന് ഡിവിഷനുകൾ.

(സി) I. സിസ്റ്റം ഇന്റഗ്രേഷൻ ഡിവിഷൻ

പേര്	വിദ്യാഭ്യാസ യോഗ്യത	വിഷയം
1. എസ്. സജിത്ത്	ബി.ടെക്	എഞ്ചിനീയറിംഗ്
	പി.ജി.ഡി.ആർ.എൻ.	റൂറൽ മാനേജ്മെന്റ്
2. ഷിബു കെ.എസ്.	ബി.ടെക്	എഞ്ചിനീയറിംഗ്
3. ഹിരോഷ് കുമാർ	ബി.എസ്.സി.	അഗ്രികൾച്ചർ.
4. ടി.പി. സുധാകരൻ	പ്രീഡിഗ്രി	

II. ഡാറ്റാ മാനേജ്മെന്റ് ഡിവിഷൻ

1. രാജേഷ് കുറുപ്പ്	ബി.ടെക്	കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

		എഞ്ചിനീയറിംഗ്
2. സുരേഷ് കുമാർ	ബി.ടെക്	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
3. എൻ. ജയരാജ്	ബി.ടെക്	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
4. ബിജു എസ്.ബി.	എം.സി.എ.	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
5. ഹരികുമാർ എച്ച്.	ഡിപ്ലോമ	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
6. ബിനു എസ്.ബി.	ഡിപ്ലോമ	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്.

III. ജിയോ ഇൻഫർമാറ്റിക്സ് ആന്റ് കാർട്ടോഗ്രാഫി ഡിവിഷൻ

1. ഡോ. ഗോവിന്ദൻ	എം.ഫിൽ, പി.എച്ച്.ഡി	സാമ്പത്തിക ശാസ്ത്രം
2. സി.കെ. ജയപ്രസാദ്	എം.എ.	ജോഗ്രഫി
3. ജിജി പി.ജി.	ഡിപ്ലോമ	ഇലട്രോണിക്സ്

(ഡി) പി.വി. ഉണ്ണികൃഷ്ണൻ, രജിസ്ട്രാർ, സി.-ഡിറ്റ്

(ഇ) എം.ടെക്. ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്. 11 വർഷത്തെ ഗവേഷണ സാങ്കേതിക മാനേജ്മെന്റ് പരിചയം.

55 (1806) വിനോദനികുതി കോംപൗണ്ട് ചെയ്തു നൽകുന്നതിനുള്ള നിയമ വ്യവസ്ഥകൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദനികുതി കോമ്പൗണ്ട് ചെയ്തു നൽകുന്നതിനുള്ള നിയമ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) ഇതിനു വിരുദ്ധമായി നികുതി കോമ്പൗണ്ട് ചെയ്തു നൽകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ;

(ഇ) എസ്ക്കേപ്പ്ഡ് ടാക്സ് അസസ്സ് ചെയ്യാവുന്ന രീതിയിൽ നിയമത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1961-ലെ കേരള തദ്ദേശാധികാര സ്ഥാപന വിനോദനികുതി ആക്ട് 3-ാം വകുപ്പനുസരിച്ച് സാധാരണഗതിയിൽ ലഭിക്കാവുന്ന നികുതിയുടെ 75 ശതമാനത്തിൽ കുറയാത്ത തുകയ്ക്ക് നികുതി കോമ്പൗണ്ട് ചെയ്യാവുന്നതാണ്. ഒരു തവണ കോംപൗണ്ട് ചെയ്യുന്നത് ഒരു മാസത്തിൽ കുറവോ മൂന്നു മാസത്തിൽ കൂടുതലോ ആയ കാലാവധിക്ക് ആകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly